## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 7786** **15.07.2014-ൽ മറുപടിയ്ക്ക്**

## ദേശീയ ഗെയിംസ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന സഹായങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ജി.സുധാകരൻ**<br>**ശ്രീ.സാജു പോൾ**<br>**ശ്രീ.റ്റി.വി.രാജേഷ്**<br>**ശ്രീ.പുരുഷൻ കടലുണ്ടി** | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) ദേശീയ ഗെയിംസ് നടത്തിപ്പിന്റെ ഘടനയും പ്രവർത്തനവും സംബന്ധിച്ച് വിശദമാക്കുമോ ; | 35-ാമത് ദേശീയ ഗെയിംസ് നടത്തിപ്പിനായി ബഹു: മുഖ്യമന്ത്രി ചെയർമാനായി നാഷണൽ ഗെയിംസ് ഓർഗനൈസിംഗ് കമ്മിറ്റിയും, 27 അംഗങ്ങൾ അടങ്ങിയ എക്സിക്യൂട്ടീവ് കൗൺസിലും രൂപീകരിച്ചിട്ടുണ്ട്. ജില്ലാതലപ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിന് ബഹു: മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ ജില്ലാ/ പ്രാദേശിക കമ്മിറ്റികളും, ഇതിനുപുറമെ പ്രത്യേക ചുമതലകൾ നൽകികൊണ്ട് 22 സംസ്ഥാനതല സബ് കമ്മിറ്റികളും രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>16 സ്റ്റേഡിയങ്ങളിൽ പുതിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയുള്ള പുനഃരുദ്ധാരണവും, 9 പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 10 താൽകാലിക നിർമ്മിതികളുമാണ് ദേശീയ ഗെയിംസിനായി സജ്ജമാകുന്നത്. ഇതിൽ ഭൂരിഭാഗം നിർമ്മാണ പ്രവർത്തനങ്ങളും അവസാന ഘട്ടത്തിലാണ്. കാര്യവട്ടത്ത് അന്താരാഷ്ട്ര നിലവാരമുള്ള ഒരു സ്റ്റേഡിയം ആന്വിറ്റി അടിസ്ഥാനത്തിൽ പുതിയതായി നിർമ്മിക്കുന്നുണ്ട്. ഉദ്ഘാടന/സമാപന ചടങ്ങുകൾ ഇവിടെയാണ് നടക്കുന്നത്.<br><br>ഏകദേശം 5000 കായിക താരങ്ങൾക്കും ഒഫിഷ്യൽസിനും താമസ സൗകര്യം ഒരുക്കുന്നതിനായി തിരുവനന്തപുരത്ത് മേനംകുളത്ത് 30 ഏക്കർ സ്ഥലത്ത് 3 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ പ്രീ-ഫാബ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഗെയിംസ് വില്ലേജിന്റെ പണി ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ഗെയിംസ് വില്ലേജിന്റെ നിർമ്മാണ പ്രവൃത്തികൾ ഏകദേശം 70% പൂർത്തിയായിട്ടുണ്ട്. ഇതര ജില്ലകളിൽ ലഭ്യമായ ഹോട്ടൽ, മറ്റു സൗകര്യങ്ങൾ എന്നിവ താമസത്തിനായി ഏർപ്പെടുത്തുന്നതാണ്. |

| | |
|---|---|
| (ബി) ഗെയിംസ് നടത്തിപ്പിനു പ്രതീക്ഷിക്കുന്ന ബജറ്റ് തയ്യാറാക്കപ്പെട്ടത് എവിടെയാണ് ; അന്തിമമായി അംഗീകരിക്കപ്പെട്ടിട്ടുണ്ടോ ; എന്തെല്ലാം നിലയിൽ ഏതെല്ലാം വരവുകൾ പ്രതീക്ഷിക്കുന്നു ; കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന സഹായങ്ങൾ എത്രയാണ് ? | ദേശീയ ഗെയിംസ് നടത്തിപ്പിനായി ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ് തയ്യാറാക്കിയ 611.33 കോടി രൂപയുടെ പുതുക്കിയ ബഡ്ജറ്റ് അംഗീകാരത്തിനായി കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നു. കേന്ദ്രസർക്കാർ 403.36 കോടി രൂപയുടെ ബഡ്ജറ്റ് അംഗീകരിക്കുകയും കേന്ദ്രവിഹിതമായി ഇതിന്റെ 30% തുകയായ 121 കോടി രൂപ സംസ്ഥാനത്തിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഗെയിംസ് നടത്തിപ്പിനുള്ള ബാക്കി തുക സംസ്ഥാന സർക്കാർ കണ്ടെത്തേണ്ടതുണ്ട്. കൂടാതെ സ്പോൺസർഷിപ്പിലൂടെയുള്ള വരുമാനവും പ്രതീക്ഷിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**